അനുഷ്ഠിക്കുന്നു. കേരളത്തിലെ മൂന്നു മേഖലകളിലായി ഡ്രഗ് ഇൻസ്പെക്ടർ ഓഫീസ് പ്രവർത്തിക്കുന്നു. അവ എറണാകുളം, കോഴിക്കോട്, കൊല്ലം എന്നിവയാണ്. കൂടാതെ തിരുവനന്തപുരത്ത് ആസ്ഥാന ഓഫീസും ഉണ്ട്. ലൈസൻസ് നൽകുന്നതിനുമുമ്പ് ഡ്രഗ് ഇൻസ്പെക്ടർമാർ സ്ഥാപനം പരിശോധിച്ച് സൗകര്യങ്ങൾ വിലയിരുത്തി റിപ്പോർട്ട് ലൈസൻസിംഗ് അതോറിറ്റിക്ക് അയയ്ക്കുന്നു. അപേക്ഷകൻ സമർപ്പിക്കുന്ന ഉൽപ്പന്നങ്ങളുടെ ഫോർമുല എക്സ്പെർട്ട് കമ്മിറ്റിയാണ് പരിശോധിക്കുന്നത്. എക്സ്പെർട്ട് കമ്മിറ്റിയിൽ സർക്കാർ ആയുർവേദ കേന്ദ്ര-സംസ്ഥാന സർക്കാർ സർവീസിലെ മൂന്ന് ഡോക്ടർമാരും സ്വകാര്യമേഖലയിലെ ഒരു ഡോക്ടറും ഉൾപ്പെടുന്നു.

ലൈസൻസ് നൽകിയ ആയുർവേദ മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിലേക്ക് ഡ്രഗ്സ് ഇൻസ്പെക്ടർമാർ കാലാകാലങ്ങളിൽ സ്ഥാപനം പരിശോധിച്ച് നിർമ്മിക്കുന്ന ഉൽപ്പന്നങ്ങളുടെ സാമ്പിളുകൾ പരിശോധനയ്ക്കായി തിരുവനന്തപുരത്തെ ഡ്രഗ് ടെസ്റ്റിംഗ് ലാബിലേക്ക് അയയ്ക്കാറുണ്ട്. ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ പരിധിയിൽ വരുന്ന ഈ ലബോറട്ടറിയിൽ ആയുർവേദ സിദ്ധ യുനാനി ഔഷധങ്ങൾ പരിശോധിക്കുന്നതിന് ഒരു പ്രത്യേക വിഭാഗം പ്രവർത്തിച്ചുവരുന്നു. അവിടെ ഒരു ഗവൺമെന്റ് അനലിസ്റ്റും രണ്ട് ഗ്രേഡ് 2 അനലിസ്റ്റുമാരും ഉൾപ്പെടെ ആറ് ജീവനക്കാർ സേവനം അനുഷ്ഠിക്കുന്നുണ്ട്. വർഷംതോറും ഏകദേശം 500 ഔഷധങ്ങളുടെ സാമ്പിൾ ഈ ലാബിൽ പരിശോധിക്കാറുണ്ട്.

(ബി) ഗുണമേന്മ ഇല്ലാത്ത ഉൽപ്പന്നങ്ങളുടെ പരസ്യം പ്രസിദ്ധം ചെയ്യും മുമ്പ് ആയുർവേദ/സിദ്ധ/യുനാനി ഔഷധങ്ങളുടെ ഫലസിദ്ധിയുടെ ആധികാരികത ഉറപ്പ് വരുത്തുവാൻ നിലവിൽ നിയമപ്രകാരമുള്ള സംവിധാനം ഇല്ല.

ആയുഷ് വകുപ്പു രൂപീകരണം

66 (4943) ശ്രീ. ജോർജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആയുഷ് വകുപ്പ് രൂപീകരിക്കുന്നതുമൂലം നമ്മുടെ പരമ്പരാഗത ചികിത്സാ രീതികളെ ഏകോപിപ്പിക്കുന്നതിനും ഇപ്പോൾ ആയുർവ്വേദ ചികിത്സയ്ക്കായി ഉപയോഗിക്കുന്ന മരുന്നുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും സാധിക്കുമോ ;

(ബി) കേരളത്തിൽ ആയുർവ്വേദ ടൂറിസം ഉൾപ്പെടെയുള്ള ഹെൽത്ത് ടൂറിസം വികസനത്തിന് ഇതുമൂലം പ്രയോജനം ലഭിക്കുമോയെന്ന് വ്യക്തമാക്കുമോ ;

(സി) ആയുഷ് വകുപ്പ് രൂപീകരിക്കുന്നതിലൂടെ കേന്ദ്ര സർക്കാരിൽനിന്നും നിരവധി പദ്ധതികൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ കേരളത്തിനും പ്രയോജനപ്പെടുമെന്ന് കരുതുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ആയുഷ് വകുപ്പ് രൂപീകരിക്കുന്നതു സംബന്ധിച്ച് കേന്ദ്രസർക്കാരിൽ നിന്നും നിർദ്ദേശങ്ങൾ എന്തെങ്കിലും ലഭിച്ചിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ ഇതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കുമോ ?

ഉത്തരം

(എ - ഇ) ആയുഷ് വകുപ്പ് രൂപീകരിക്കുന്ന കാര്യം തൽക്കാലം പരിഗണനയിലില്ല.

കണ്ണൂർ ജില്ലയിൽ അനുവദിക്കപ്പെട്ട ആയുർവേദ ആശുപത്രികളും ഡിസ്പെൻസറികളും

67 (4944) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ കണ്ണൂർ ജില്ലയിൽ അനുവദിക്കപ്പെട്ട ആയുർവേദാശുപത്രികളും ഡിസ്പെൻസറികളും ഏതൊക്കെയാണെന്ന് മണ്ഡലം തിരിച്ച് വെളിപ്പെടുത്തുമോ ;

(ബി) കണ്ണൂർ ജില്ലയിൽ ആയുർവേദ ഡിസ്പെൻസറികൾ ഇല്ലാത്ത പഞ്ചായത്തുകൾ ഏതൊക്കെയാണെന്ന് പേര് സഹിതം വെളിപ്പെടുത്തുമോ ;

(സി) ആയുർവേദ ഡിസ്പെൻസറികൾ ഇല്ലാത്ത പഞ്ചായത്തുകളിൽ ഡിസ്പെൻസറി സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) ആയുർവേദ ഡിസ്പെൻസറികളിലെ മരുന്നുകളുടെ ദൗർലഭ്യം പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കണ്ണൂർ ജില്ലയിൽ 18 ആയുർവേദ ഡിസ്പെൻസറികൾ താൽക്കാലികമായി എൻ.ആർ.എച്ച്.എം. മുഖേന അനുവദിച്ചിട്ടുണ്ട്. ടി ഡിസ്പെൻസറികൾ താഴെ ചേർക്കുന്ന മണ്ഡലങ്ങളിൽ സ്ഥിതി ചെയ്യുന്നു.

ഡിസ്പെൻസറി	മണ്ഡലം
(1)	(2)
1. കുഞ്ഞിമംഗലം	പയ്യന്നൂർ
2. ശ്രീകണ്ഠപുരം	ഇരിക്കൂർ
3. അഴിക്കോട്	അഴിക്കോട്
4. വളപട്ടണം	അഴിക്കോട്
5. ചിറ്റാരിപ്പറമ്പ്	പേരാവൂർ

LIBRARY ARCHIVES Kerala Legislative Assembly